**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 148** **10-06-2024 - ൽ മറുപടിയ്ക്ക്**

**കുന്ദമംഗലം പോലീസ് സ്റ്റേഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ടി. എ. റഹീം | | ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി) | |
| (എ) | കോഴിക്കോട് സിറ്റി പരിധിയിലുള്ള കുന്ദമംഗലം പോലീസ് സ്റ്റേഷന്റെ ചുറ്റുമതിൽ തകർന്നുവീണ് സമീപവാസികളുടെ വീടുകൾക്കും വസ്തുക്കൾക്കും നാശനഷ്ടങ്ങൾ സംഭവിച്ചതായ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കുന്ദമംഗലം പോലീസ് സ്റ്റേഷന്റെ ചുറ്റുമതിൽ തകർന്നു വീണ് സമീപവാസിയായ ശ്രീ. ഉബൈദ് എന്നയാളുടെ വീടിനും, ഒരു ബൈക്കിനും കേടുപാടുകൾ സംഭവിച്ചിട്ടുണ്ട്. കൂടാതെ സ്റ്റേഷൻ കോമ്പൗണ്ടിന്റെ കിഴക്കുഭാഗം ചുറ്റുമതിൽ ഇല്ലാത്ത ഭാഗത്തുനിന്നും മണ്ണും കല്ലും ഇടിഞ്ഞുവീണതിൽ സ്റ്റേഷന്റെ സമീപവാസിയായ ശ്രീമതി. മോളി ജോസഫ് എന്നയാളിന്റെ വീടിന്റെ പിൻഭാഗം ചുമരിലും വീടിന്റെ മുകൾഭാഗത്ത് ഇട്ടിരുന്ന ഇരുമ്പ് ഷീറ്റിനും ചെറിയ തോതിലുള്ള കേടുപാടുകൾ സംഭവിച്ചിട്ടുണ്ട്. |
| (ബി) | ചുറ്റുമതിൽ നിർമ്മിക്കുന്നതിന് പൊതുമരാമത്ത് വകുപ്പ് എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതിക്കായി സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ? | (ബി) | ഉണ്ട്. കുന്ദമംഗലം പോലീസ് സ്റ്റേഷന്റെ ചുറ്റുമതിൽ കെട്ടുന്നതിനും, നിലവിലുള്ളത് അറ്റകുറ്റപ്പണികൾ ചെയ്യുന്നതിനുമായി പൊതുമരാമത്ത് വകുപ്പും, സംസ്ഥാന പോലീസ് മേധാവിയും വ്യത്യസ്ത തുകകൾക്കുള്ള എസ്റ്റിമേറ്റുകളാണ് സമർപ്പിച്ചിരുന്നത്. ആയതിലെ പൊരുത്തക്കേടുകൾ വ്യക്തമാക്കി 2018 DSR പ്രകാരമുള്ള വിശദമായ എസ്റ്റിമേറ്റ് സമർപ്പിക്കുവാൻ സംസ്ഥാന പോലീസ് മേധാവിക്ക് നിർദേശം നൽകിയിരുന്നു. പ്രസ്തുത റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ